ആർദ്രം



# നവകേരളം ശില്പശാല

## കർമ്മപദ്ധതി

**തദ്ദേശ സ്വയംഭരണസ്ഥാപന അദ്ധ്യക്ഷരുടെയും മിഷൻ-വകുപ്പുതല ചുമതലക്കാരുടെയും ദ്വിദിന സംഗമം**

2018 ആഗസ്റ്റ് 2 3

ഗിരിദീപം കൺവെൻഷൻ സെന്റർ
നാലാഞ്ചിറ, തിരുവനന്തപുരം



ആർദ്രം

ആർദ്രം

# അവലോകന കുറിപ്പ്

**ആഗസ്റ്റ് 2018**

# ആർദ്രം മിഷനും - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച നേട്ടങ്ങളാണ് കേരളത്തിലെ ആരോഗ്യ മേഖല കൈവരിച്ചിട്ടുള്ളത്. വികസിത രാജ്യങ്ങൾക്ക് സമാനമായ പല നേട്ടങ്ങളും സ്വന്തമാക്കിയിട്ടുണ്ടെങ്കിലും ജീവിതശൈലീ രോഗങ്ങളും പുതുതലമുറ സാംക്രമിക രോഗങ്ങളും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവും ആരോഗ്യ രംഗത്ത് വലിയ വെല്ലുവിളിയായി മാറിയിട്ടുണ്ട്. പൊതുജനാരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിപൂർണ്ണ പരിവർത്തനമാണ് ആർദ്രം മിഷനിലൂടെ ലക്ഷ്യമിടുന്നത്. ആർദ്രം ദൗത്യത്തിൽ കേരളം 2020-ലും 2030-ലും നേടേണ്ട ഹ്രസ്വകാല - ദീർഘകാല സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നിലവിലെ അവസ്ഥ

രോഗപ്രതിരോധം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ തുടങ്ങിയവ അടിസ്ഥാന ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പരിമിതമായ സേവനങ്ങൾ നൽകുന്ന ചികിത്സാ കേന്ദ്രങ്ങളായി മാറി. ഖര-ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുവാനുള്ള സംവിധാനങ്ങളുടെ അഭാവം, പരിസര ശുചിത്വം പാലിക്കുന്നതിലുള്ള വിമുഖതയും അലംഭാവവും മറ്റും പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. സർക്കാർ സംവിധാനങ്ങൾ ജനങ്ങളെ ആകർഷിക്കുന്ന രീതിയിൽ സൗഹൃദപരമാക്കാൻ കഴിഞ്ഞിരുന്നില്ല.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ ഉപകേന്ദ്രങ്ങൾക്ക്, മാറിയ ആരോഗ്യ സാഹചര്യങ്ങൾക്കനുസൃതമായി, ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ മാറാൻ കഴിഞ്ഞില്ല. പകർച്ചവ്യാധി പകർച്ചേതരവ്യാധികളുടെ പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണ്ണായക ഘടകമാകേണ്ട വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികളെ കാര്യക്ഷമമാക്കാനും സാധിച്ചില്ല.

താലൂക്ക്/ജില്ലാ ആശുപത്രികളും അവയെ സമീപിക്കുന്ന രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിൽ പരാജയപ്പെടുകയും രോഗികളെ

മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുന്ന കേന്ദ്രങ്ങളായ് മാറുകയും ചെയ്തു. ഇതുമൂലം മെഡിക്കൽ കോളേജുകൾ രോഗികളുടെ ബാഹുല്യം കൊണ്ട് വീർപ്പുമുട്ടുകയും അർഹിക്കുന്ന രോഗികൾക്ക് ശരിയായ ചികിൽസ നൽകുവാൻ കഴിയാത്ത അവസ്ഥയിലുമായി.

## ആർദ്രം മിഷൻ

ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആരോഗ്യ പരിപാലന രംഗത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്, ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തി, ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ കൊടുത്തു കൊണ്ടുള്ള ആരോഗ്യ സംവിധാനത്തിന്റെ പരിവർത്തനമാണ് ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യ മിടുന്നത്.

## ലക്ഷ്യങ്ങൾ

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നു
- താലൂക്ക്/ജില്ലാതല ആശുപത്രികളിൽ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും അധിക സ്റ്റാഫിനെ നിയമിച്ചും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യ ങ്ങൾ ക്രമീകരിക്കുന്നു
- ഔട്ട് പേഷ്യന്റ് വിഭാഗം നവീകരിക്കുകയും ഗവ. ആശുപത്രികൾ ജനസൗ ഹൃദമാക്കുകയും ചെയ്യുന്നു
- എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും മാർഗ്ഗരേഖകളുടെ അടിസ്ഥാ നത്തിൽ ചികിൽസ ശാസ്ത്രീയമായി ക്രമീകരിക്കുന്നു

## മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ

മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരു സ്ഥാപനത്തിന്റെ സേവന നിലവാര ത്തെ പ്രതിഫലിപ്പിക്കുകയും സ്വീകാര്യത വർദ്ധിപ്പിക്കുകയും പൊതുജനത്തിന് ആത്മവിശ്വാസം നൽകുകയും ചെയ്യും.

- നവീകരിച്ച ഒ.പി. രജിസ്ട്രേഷൻ, ടോക്കൺ സംവിധാനം

- രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യത്തിന് ഇരിപ്പിടങ്ങൾ, ഫാനുകൾ, കുടിവെള്ളം
- ടി.വി, ബോധവൽക്കരണ വീഡിയോ പ്രദർശനം, പത്രം, മാസികകൾ, ബോധവൽക്കരണ ബോർഡുകൾ
- സ്ത്രീ - ഭിന്നശേഷി - വയോജന സൗഹൃദവും വൃത്തിയുമുള്ള ടോയ്‌ലറ്റുകൾ
- ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും സൗകര്യത്തിനായി റാമ്പുകളും റയിലുകളും
- ഡോക്ടറുടെ പരിശോധനാ മുറി, ലബോറട്ടറി, ഫാർമസി വിവിധ സേവനങ്ങൾ എന്നിവ സൂചിപ്പിക്കുന്ന മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള സൈനേജുകൾ
- ഡോക്ടറെ കാണുന്നതിന് മുമ്പായി രോഗവിവര ശേഖരണത്തിനും ആവശ്യമെങ്കിൽ കൗൺസിലിംഗിനുമായി പ്രീചെക്ക് സംവിധാനം
- സ്വകാര്യത ഉറപ്പു വരുത്തുന്ന പ്രത്യേകം പരിശോധന മുറികൾ
- അണുബാധാ നിയന്ത്രണത്തിനുള്ള സംവിധാനങ്ങൾ
- ആശുപത്രി സൗന്ദര്യവത്കരണം (പെയിന്റിംഗ്, പൂന്തോട്ട നിർമ്മാണം, ലാന്റ് സ്കേപ്പിംഗ്, വാഹന പാർക്കിംഗ് സൗകര്യം)
- ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ
- മഴവെള്ള സംഭരണത്തിനും സോളാർ പവർ ഉപയോഗത്തിനും പ്രത്യേക സംവിധാനങ്ങൾ
- സ്ഥാപനത്തിൽ ഗ്രീൻ പ്രോട്ടോകോൾ
- ആരോഗ്യ സംവിധാനത്തിനെ ഇ-ഹെൽത്ത് മുഖേന കമ്പ്യൂട്ടർവത്കരിച്ച് പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തുന്നു.

## മെച്ചപ്പെട്ട സേവനങ്ങൾ

ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യക്ഷമമായി ഉയർന്ന നിലവാരത്തിൽ സേവനങ്ങൾ നൽകുവാനും സ്ഥാപനങ്ങളുടെ വിശ്വാസ്യത ഉറപ്പു വരുത്തുവാനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ സാധ്യമാകും.

❖ മാർഗ്ഗ രേഖകൾ അനുസരിച്ചുള്ള ചികിൽസ

❖ ആവശ്യമനുസരിച്ച് രോഗികളെ ഉയർന്ന കേന്ദ്രങ്ങളിലേക്ക് റഫറൽ സേവനങ്ങളും തുടർ ചികിത്സയും

❖ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പുതിയ ലബോറട്ടറികളും നിലവിലുള്ള ലാബുകളുടെ ശാക്തീകരണവും

❖ മെച്ചപ്പെട്ട ഫാർമസി സേവനങ്ങളും മരുന്നു ലഭ്യത ഉറപ്പു വരുത്തലും

❖ എല്ലാ ജീവനക്കാർക്കും തുടർച്ചയായ പരിശീലനം

❖ മാനവ വിഭവ ശേഷി വർദ്ധനവ്

❖ രോഗികളോട് സൗഹാർദ്ദപരമായ പെരുമാറ്റം

❖ രോഗിക്കാവശ്യമായ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ

❖ ജന പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപന വികസനം

## ആർദ്രം പദ്ധതിയിലൂടെ ത്രിതല സംവിധാനത്തിൽ വരുന്ന പരിവർത്തനങ്ങൾ

| | | |
|---|---|---|
| ജനസൗഹൃദ അന്തരീക്ഷം<br>ഒ.പി നവീകരണം | മെഡിക്കൽ<br>കോളേജ്<br>മികവിന്റെ കേന്ദ്ര<br>ങ്ങൾ | മെച്ചപ്പെട്ട ട്രോമാകെയർ<br>സംവിധാനം |
| ജനസൗഹൃദ അന്തരീക്ഷം<br>ഒ.പി നവീകരണം<br>സി.റ്റി. സ്കാൻ<br>അൾട്രാസൗണ്ട്<br>ആധുനിക ലാബ്<br>സ്പെഷ്യൽ ന്യൂബോൺ<br>കെയർ യൂണിറ്റ് | ജില്ലാ/ജനറൽ<br>ആശുപത്രികൾ | മെറ്റേണിറ്റി സേവനങ്ങൾ<br>സൂപ്പർ സ്പെഷ്യാലിറ്റികളായ<br>കാർഡിയോളജി<br>ന്യൂറോളജി<br>നെഫ്രോളജി<br>ട്രോമാകെയർ |
| ജനസൗഹൃദ അന്തരീക്ഷം<br>ഒ.പി നവീകരണം<br>നവജാത ശിശുപരിചരണ<br>വിഭാഗം<br>മെറ്റേണിറ്റി സേവനങ്ങൾ | താലൂക്ക്<br>ആശുപത്രികൾ | അടിസ്ഥാന സ്പെഷ്യാലി<br>റ്റികളായ<br>മെഡിസിൻ<br>സർജറി<br>ഗൈനക്കോളജി<br>പീഡിയാട്രിക്സ്<br>ഓർത്തോ<br>ഇ.എൻ.റ്റി<br>നേത്രവിഭാഗം<br>ട്രോമാകെയർ |
| ജനസൗഹൃദ അന്തരീക്ഷം<br>ഒ.പി നവീകരണം<br>മെച്ചപ്പെട്ട ഭൗതിക സാഹ<br>ചര്യം<br>സമഗ്ര പ്രാഥമിക ആരോഗ്യ<br>പരിരക്ഷ<br>മാർഗ്ഗരേഖകളനുസരിച്ചുള്ള<br>ചികിൽസ<br>പ്രീചെക്ക്, പോസ്റ്റ് ചെക്ക്<br>കൗൺസിലിംഗ് സൗകര്യം<br>ശ്വാസ്, ആശ്വാസ് പദ്ധതികൾ<br>ശിശു, മാതൃ, വയോജന,<br>കൗമാര ആരോഗ്യം | കുടുംബാരോഗ്യ<br>കേന്ദ്രങ്ങൾ | ഡോക്ടർ-3<br>സ്റ്റാഫ് നഴ്സ്-4<br>ലാബ് ടെക്നീഷ്യൻ- 1<br>ഫാർമസിസ്റ്റ്- 2<br>പൊതുജന പങ്കാളിത്തം<br>വിവിധ വകുപ്പുകളുടെ<br>ഏകോപനം<br>പകർച്ചവ്യാധി പ്രതിരോധം<br>ആരോഗ്യ അനുബന്ധ<br>ഘടകങ്ങളെ അഭിസംബോ<br>ധന ചെയ്യുക<br>അർബുദ പ്രതിരോധം,<br>കുഷ്ഠരോഗ നിർണയം |
| പൊതുജന പങ്കാളിത്തം<br>വിവിധ വകുപ്പുകളുടെ<br>ഏകോപനം<br>പകർച്ചവ്യാധി പ്രതിരോധം<br>പകർച്ചേതര വ്യാധികൾ,പ്രതി<br>രോധം,ഇടപെടലുകൾ | ഉപകേന്ദ്രങ്ങൾ | ജെ.പി.എച്ച്.എൻ -1<br>ജെ.എച്ച്.ഐ (2-3 ഉപകേ<br>ന്ദ്രങ്ങൾക്ക് ഒരാൾ)<br>ആരോഗ്യ വർദ്ധക കേന്ദ്ര<br>ങ്ങൾ (ശിശു മാതൃ, വയോ<br>ജന, കൗമാര ആരോഗ്യം) |
| പൊതുജന പങ്കാളിത്തം<br>വാർഡ്മെമ്പർ<br>ഹരിതകർമ്മസേന<br>കുടുംബശ്രീ<br>ശുചിത്വ വോളണ്ടിയർമാർ | വാർഡ്തല<br>ആരോഗ്യ ശുചിത്വ<br>പോഷണ സമിതി<br>കൾ | ആരോഗ്യ പ്രവർത്തകർ<br>ആരോഗ്യസേന<br>ആശ<br>അംഗൻവാടി പ്രവർത്തകർ |

# ആർദ്രം മിഷൻ: പ്രവർത്തനങ്ങളും ഭാവി പരിപാടികളും

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാകുമ്പോൾ**

- ഒ.പി. സമയം 9 മുതൽ 6 മണി വരെ ദീർഘിക്കുന്നു
- 3 ഡോക്ടർ, 4 നഴ്സ്, 2 ഫാർമസിസ്റ്റ്, 1 ലാബ് ടെക്നീഷ്യൻ
- നഴ്സസ് പ്രീ-ചെക്കപ്പും കൗൺസലിംഗും
- വിഷാദ രോഗങ്ങൾക്ക് "ആശ്വാസം" ക്ലിനിക്ക്
- ശ്വാസകോശ രോഗങ്ങൾക്ക് "ശ്വാസ്" ക്ലിനിക്ക്
- നിശ്ചിത നിലവാരമുള്ള ലാബ്
- മെച്ചപ്പെട്ട ഫാർമസി സംവിധാനം
- ഇതര സ്ഥാപനങ്ങളിൽ ആരോഗ്യ സേവനങ്ങൾ (സ്കൂൾ, അനാഥാലയം, വയോജന കേന്ദ്രം, ട്രൈബൽ ഹോസ്റ്റലുകൾ, മറ്റ് സ്ഥാപനങ്ങൾ)
- **തിരഞ്ഞെടുത്ത 170-ൽ 152 എണ്ണം പ്രവർത്തന സജ്ജമാക്കി**
- ആരോഗ്യ വകുപ്പിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് വേണ്ടി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻമാർ, 150 ഫാർമസിസ്റ്റുമാർ എന്നിവരുൾപ്പെടെ 830 പുതിയ തസ്തികകൾ സൃഷ്ടിച്ചു.
- കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 23 കോടി രൂപയും ലബോറട്ടറി സൗകര്യങ്ങൾക്കായി 7 കോടി രൂപയും ചിലവഴിച്ചു.

**ഉപകേന്ദ്ര ശാക്തീകരണവും ഫീൽഡ് പ്രവർത്തനവും**

- ഉപകേന്ദ്രങ്ങളിൽ കൂടുതൽ ക്ലിനിക്കുകൾ
- ചിട്ടപ്പെടുത്തിയ ഫീൽഡ് പ്രവർത്തനങ്ങൾ
- പകർച്ചവ്യാധി നിയന്ത്രണം - ആരോഗ്യ ജാഗ്രത
- പകർച്ചേതരവ്യാധി നിയന്ത്രണം
- വ്യക്തിഗത, കുടുംബാധിഷ്ഠിത, വാർഡ്, പഞ്ചായത്ത് തല ആരോഗ്യ സേവന പ്രദാന പാക്കേജുകൾ

- വാർഡ് ആരോഗ്യ പോഷണ ശുചിത്വ സമിതി ശാക്തീകരണം
- ആരോഗ്യസേന രൂപീകരണം
- അനുബന്ധ വകുപ്പുകളും മിഷനുകളുമായി സംയോജനം
- പഞ്ചായത്ത്തല ആരോഗ്യ അവസ്ഥാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ

**ഇ-ഹെൽത്ത് സംവിധാനം**

- ഫീൽഡ്തല ആരോഗ്യ വിവരങ്ങളും കുടുംബാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ചികിത്സാ രേഖകളും ഇലക്ട്രോണിക്ക് ഹെൽത്ത് സംവിധാനത്തിലേയ്ക്ക് മാറാനുള്ള നടപടികൾ ആരംഭിച്ചു.
- ഇ-ഹെൽത്ത് രജിസ്ട്രേഷനും കുടുംബ സർവ്വേയും പുരോഗമിക്കുന്നു.
- ഇ-ഹെൽത്ത് സംവിധാനം പൂർത്തിയാകുന്നതോടെ ചികിത്സാ നടപടി ക്രമങ്ങൾ സുഗമവും സുതാര്യവുമാവുകയും രോഗികൾക്ക് മുൻകൂട്ടി ഒ.പി.ബുക്കിംഗ് ചെയ്യാൻ കഴിയുന്നതുമാണ്.

**കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കാനുള്ള പരിശീലനങ്ങൾ**

1. ജനപ്രതിനിധികളും കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരും, ഐ.സി.ഡി.എസ് പ്രതിനിധി, പഞ്ചായത്ത് സെക്രട്ടറി എന്നിവരടങ്ങുന്ന സംഘ പരിശീലനം ''കില''യിൽ വച്ച് നൽകി.
2. സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ എന്ന ആശയം ഓരോ ജീവനക്കാര ന്റെയും പ്രവർത്തന മേഖലയിൽ നടപ്പിൽ വരുത്താനുതകുന്ന രീതിയിൽ നടത്തിയ ആശയപരിശീലനം ( FHC Concept Training)
3. നഴ്സിംഗ് പരിശീലകരെ വാർത്തെടുക്കാനായി ആരോഗ്യസർവ്വകലാശാല യുമായി സഹകരിച്ച് നടത്തിയ നഴ്സുമാരുടെ കുടുംബാരോഗ്യ പരിശീലനം

4. നൈപുണ്യ വികസന പരിശീലനങ്ങൾ - ഡോക്ടർമാർക്കും നഴ്സുമാർക്കും കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ.

**താലൂക്ക്/ജില്ലാ ആശുപത്രികൾ**

- താലൂക്ക്/ജില്ലാ ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യലിസ്റ്റുകൾ, സൂപ്പർ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെ 266 ഡോക്ടർമാർ, 197 സ്റ്റാഫ് നഴ്സുമാർ, 84 ലാബ് ടെക്നീഷ്യൻമാർ, 344 പാരാ മെഡിക്കൽ ജീവനക്കാർ, എന്നിവരടങ്ങുന്ന 891 പുതിയ തസ്തികകൾ സൃഷ്ടിച്ചു.
- 6 താലൂക്ക് ആസ്ഥാന ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിനായി 9 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കയാണ്.
- 15 ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി. വിഭാഗം നവീകരിക്കുന്നതിനായി 18.3 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

**സർക്കാർ മെഡിക്കൽ കോളേജുകൾ**

- 8 സർക്കാർ മെഡിക്കൽ കോളേജുകളിലെ ഒ.പി വിഭാഗം രോഗീ സൗഹൃദമാക്കുന്ന പ്രവർത്തനം 51.79 കോടി രൂപ ചിലവഴിച്ച് പൂർത്തിയായിക്കൊണ്ടിരിക്കുന്നു

**കിഫ്ബി വഴിയുള്ള ആർദ്രം മിഷൻ പ്രവർത്തനങ്ങൾ**

- കേരളത്തിലെ വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയിൽ പ്രധാന പങ്കുവഹിക്കുന്നതാണ് ഡയാലിസിസ്സും, ഹൃദ്രോഗ ചികിത്സയ്ക്കുള്ള കാത്‌ലാബ് സംവിധാനങ്ങളും. ഇതിനായി കിഫ്ബി വഴി 2 മെഡിക്കൽ കോളേജ് ഉൾപ്പെടെ 10 സർക്കാർ ആശുപത്രികളിൽ 80

കോടി രൂപയ്ക്കുള്ള കാത്‌ലാബുകളും 69 കോടി രൂപയ്ക്കുള്ള 44 ഡയാലിസിസ്സ് യൂണിറ്റുകളും പൂർത്തിയായി വരുന്നു.

- കൂടാതെ തിരഞ്ഞെടുത്ത 14 ജില്ലാ / താലൂക്ക് / മെഡിക്കൽ കോളേജ് ആശുപത്രികൾക്കായി 3074.85 കോടി രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## ആർദ്രം മിഷൻ: ഭാവി പ്രവർത്തനങ്ങൾ (2018-19)

### കുടുംബാരോഗ്യ കേന്ദ്രങ്ങൾ

- 2018-19-ലേയ്ക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ 503 സ്ഥാപനങ്ങളെ തിരഞ്ഞെടുത്തു
- ഗ്യാപ് അനാലിസിസും പ്രൊപ്പോസൽ തയ്യാറാക്കലും നടന്നു വരുന്നു

### താലൂക്ക് ആശുപത്രികൾ

- ഓരോ ജില്ലയിലും 2 വീതം 28 താലൂക്ക് ആശുപത്രികൾ തിരഞ്ഞെടുത്ത് നിശ്ചിത മാനദണ്ഡങ്ങളോടെ നിലവാരം ഉയർത്താനായി തീരുമാനിച്ചു (സ്റ്റാന്റൈഡസേഷൻ). ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

  താലൂക്ക്തല ആശുപത്രികളിൽ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

  1. ഒ.പി. വിഭാഗം ജനസൗഹൃദമാക്കുന്നു
  2. അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നു
  3. അടിസ്ഥാന സ്പെഷ്യാലിറ്റികളായ മെഡിസിൻ, സർജറി, ഗൈനക്കോളജി, ശിശുരോഗവിഭാഗം, അസ്ഥിരോഗവിഭാഗം, ഇ.എൻ.റ്റി, നേത്രരോഗ വിഭാഗം, അനസ്തീഷ്യ വിഭാഗം, സൈക്യാട്രി, ത്വക്ക് രോഗം, ഫിസിക്കൽ മെഡിസിൻ, ദന്തരോഗ വിഭാഗം എന്നിവയുടെ സേവനം ലഭ്യമാകുന്നതാണ്
  4. എല്ലാ താലൂക്ക്തല ആശുപത്രികളിലും ഡയാലിസിസ് സംവിധാനം നിലവിൽ വരും

5. ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ, ലബോറട്ടറി, ഫാർമസി, എക്സ്റേ, അൾട്രാ സൗണ്ട് സ്കാൻ തുടങ്ങിയവ ശക്തിപ്പെടുത്തും
6. മാർഗ്ഗരേഖകൾ പ്രകാരമുള്ള ചികിൽസയും റഫറൽ സംവിധാനവും നിലവിൽ വരും

## ജില്ലാ/ജനറൽ ആശുപത്രികൾ

കേരളത്തിലെ 15 ജില്ലാ/ജനറൽ ആശുപത്രികൾ ഒ.പി.വിഭാഗം രോഗീസൗഹൃദമാക്കുന്ന പ്രവർത്തനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം ആരംഭിച്ച പ്രവർത്തനം ഈ വർഷം അവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്. കൂടാതെ 8 ജില്ലാതല ആശുപത്രികളിൽ ഹൃദ്രോഗ ചികിൽസയ്ക്കാവശ്യമായ കാത്ത്ലാബ് സൗകര്യമൊരുക്കലും പുരോഗമിക്കുകയാണ്. ഇതിനുപുറമെ കിഫ്ബി സഹായത്തോടുകൂടി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ 10 ജില്ലാതല ആശുപത്രികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

താലൂക്ക്/ജില്ലാ/ജനറൽ/സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ ഉൾപ്പെടുന്ന 13 സ്ഥാപനങ്ങൾ കിഫ്ബി വഴിയുള്ള നിർമ്മാണ പ്രവർത്തനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരികയാണ്.

## പരിശീലനങ്ങൾ

- കില, ആരോഗ്യ സർവകലാശാല, സംസ്ഥാന ട്രെയിനിംഗ് സെന്റർ, ജില്ല പരിശീലന കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വച്ച്, ജന പ്രതിനിധികൾക്കും, വിവിധ ശ്രേണിയിലുള്ള ആരോഗ്യ വകുപ്പ് ജീവനക്കാർക്കും, ആശ, അങ്കൻവാടി, പ്രവർത്തകർ, ആരോഗ്യ സേന വോളണ്ടിയർമാർ, തുടങ്ങിയവർക്കും പരിശീലനം നൽകാൻ ലക്ഷ്യമിടുന്നു.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങൾ

### 1. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകളെ ഏകോപിപ്പിച്ച്കൊണ്ട് (പ്ലാൻ ഫണ്ട്, എം.എൽ.എ, എം.പി ഫണ്ട്, മറ്റ് വകുപ്പുകൾ/ഏജൻസികളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ട്) ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന രീതിയിൽ സ്ഥാപന വികസനത്തിന് നേതൃത്വം നൽകേണ്ടതാണ്.

### 2. മാനവവിഭവശേഷി വർദ്ധനവ്

വർദ്ധിച്ച് വരുന്ന ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റാനും ഗുണമേൻമയുള്ള ചികിൽസ ഉറപ്പ് വരുത്താനും സർക്കാർ തലത്തിൽ അധികമായി സൃഷ്ടിച്ച തസ്തികകൾ മതിയാവില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആരോഗ്യമിഷൻ വഴിയുള്ള താൽക്കാലിക നിയമനങ്ങൾക്കും പരിമിതിയുണ്ട്. ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് സേവന നിലവാരം ഉയർത്താനാവശ്യമായ ജീവനക്കാരെ (ഡോക്ടർമാർ, പാരാമെഡിക്കൽ, ശുചീകരണ ജീവനക്കാർ) താൽക്കാലികമായി നിയമിക്കാനുള്ള ബാദ്ധ്യത തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്.
**ഉത്തരവ് നം.210/ഡി.ബി.2/18തസ്വഭവ തീയതി: 02/07/2018** പ്രകാരം ഇതിനുള്ള അധികാരം പ്രാദേശിക സർക്കാരുകൾക്ക് നൽകിയിട്ടുണ്ട്.

### 3. ഫീൽഡ് പ്രവർത്തനങ്ങൾ

ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നത് ആരോഗ്യ സ്ഥാപനതല പ്രവർത്തനങ്ങളോടൊപ്പം രോഗപ്രതിരോധം, ആരോഗ്യ വർദ്ധക പ്രവർത്തനം, പുന:രധിവാസ, സാന്ത്വന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക എന്നുള്ളതാണ്. ഈ പ്രവർത്തനങ്ങൾക്കുവേണ്ട സാഹചര്യം ഒരുക്കൽ, പിന്തുണ, നിരീക്ഷണം, അവലോകനം, ഏകോപനം എന്നിവ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ

ളുടെ ഉത്തരവാദിത്തമാണ്. ഇതിലേക്കായി താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്.

- ഫീൽഡ്തല പ്രവർത്തനങ്ങൾക്ക് വാഹന സൗകര്യം ഒരുക്കൽ
- ഉപകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും നില നിർത്തലും
- ഉപകേന്ദ്ര മാനേജ്മെന്റ് കമ്മിറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനം
- ഉപകേന്ദ്രങ്ങളിൽ വിഭാവനം ചെയ്ത 6 ദിവസ ക്ലിനിക്കുകളുടെ നടത്തിപ്പും പിന്തുണയും
- പകർച്ചവ്യാധി നിയന്ത്രണത്തിന് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ (ആരോഗ്യ ജാഗ്രത)
- ഉപകേന്ദ്രങ്ങൾ വഴി പകർച്ചേതരവ്യാധി നിർണ്ണയവും തുടർ ചികിൽസയും
- വാർഡ്തല ശുചിത്വപോഷണ സമിതികളുടെ ശാക്തീകരണം
- മാർഗ്ഗരേഖകൾ പ്രകാരം ആരോഗ്യസേന തെരഞ്ഞെടുപ്പും പ്രവർത്തനങ്ങളും

**പഞ്ചായത്ത്തല ആരോഗ്യ പ്രോജക്ടുകൾ**

- സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതനായി ഗുണമേൻമയുള്ള ആരോഗ്യ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിന് പഞ്ചായത്ത്തല ആരോഗ്യ അവസ്ഥാ റിപ്പോർട്ട് അനിവാര്യമാണ്. ഇവ വാർഡ്തല അവസ്ഥാ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിലൂടെയാണ് രൂപപ്പെടേണ്ടത്. ഈ അവസ്ഥാറിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ആരോഗ്യം/ആരോഗ്യ അനുബന്ധ സാമൂഹിക ഘടകങ്ങൾ എന്നിവയിലെ പോരായ്മകൾ കൃത്യമായി നിർണ്ണയിക്കാവുന്നതാണ്.

  ആരോഗ്യ അനുബന്ധ സാമൂഹിക ഘടകങ്ങളെ (കുടിവെള്ളം, മാലിന്യസംസ്കരണം, കൊതുക് നിയന്ത്രണം, പോഷണം, കൃഷി, വ്യായാമം, മാനസിക ഉല്ലാസം തുടങ്ങിയവ) സംബോധന ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ വഴി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതാണ്.

ആരോഗ്യ പ്രോജക്ടുകളിൽ ആരോഗ്യ സേവനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പ്രോജക്ടുകൾ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനോടൊപ്പം തന്നെ ആർദ്രം മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി അടിസ്ഥാനസൗകര്യ വികസന പ്രോജക്ടുകളും ഉണ്ടാവേണ്ടതാണ്.

കേരളം ആരോഗ്യരംഗത്ത് ഇതുവരെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ നിലനിർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുണ്ട്. വിവിധ മിഷനുകളുടെയും വകുപ്പുകളുടെയും ഏകോപന സംയോജനത്തിലൂടെയും മാത്രമെ ഇത് സാധ്യമാവുകയുള്ളു. താഴെതട്ടിൽ ഇത് പ്രാവർത്തികമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ് കഴിയുന്നത്. ഒരു നവകേരള സൃഷ്ടിക്കായ് നമുക്കൊത്തൊരുമിച്ച് മുന്നേറാം.

ആർദ്രം

ആർദ്രം